# മദ്യനിരോധനത്തിനെതിരായ വാദങ്ങളും മറുപടികളും

പ്രൊഫ. എം. പി. മത്തായി

സംഭാവന രണ്ടു രൂപ

പ്രസിദ്ധീകരിക്കുന്നത്:

കേരള മദ്യനിരോധന സമിതി
ഗാന്ധിഭവൻ, കച്ചേരിപ്പടി, കൊച്ചിൻ-18
ഫോൺ: 361885

# പ്രാർത്ഥന

(മഞ്ജരി)

സത്യധർമ്മങ്ങളാം തൂണുകളിൽ താങ്ങി-
യിദ്ധരകാക്കുന്ന തമ്പുരാനേ!
തൃക്കാലിൽ വീണു വണങ്ങുന്നു നിന്നുടെ
വത്സല കേരളമക്കളിതാ.

മദ്യവിപത്തിൻെറ നീർച്ചുഴിയിൽപെട്ടു
നട്ടംതിരിയുന്നു ഞങ്ങളെല്ലാം
തൃക്കൺമുനയൊന്നയച്ചാലും ദൈവമേ!
രക്ഷിച്ചുകൊണ്ടാലും ദീനബന്ധോ!

പശ്ചിമസാഗരംപോലെ പരന്നുമാ-
സഹ്യനെപ്പോലെയുയർന്നുമിപ്പോൾ
മദ്യമാം രാക്ഷസൻ ഭീകരരൂപിയായ്
മത്തടിച്ചാർക്കുന്നു കേരളത്തിൽ

വിദ്യാലയത്തേക്കാൾ ദേവാലയത്തേക്കാൾ
മദ്യാലയത്തിനു സ്ഥാനമേകി
നാടുമുടിപ്പോർക്കു ബോധമുദിക്കുവാൻ
കാരുണ്യവാരിധേ കൈതൊഴുന്നേൻ.

മദ്യം വിഷമാണെന്നോതിയ നമ്മുടെ
സദ്ഗുരുദേവൻ പിറന്ന നാട്ടിൽ
മദ്യവിഷംകൊണ്ടു മർത്ത്യരെകൊല്ലുന്ന
ദുഷ്ടതവാഴുന്ന കാലംവന്നു.

സത്യപ്രകാശമേ! വന്നാലും ഞങ്ങളെ
രക്ഷിക്കുവാനീയിരുട്ടിൽനിന്നും
മദ്യപ്പിശാചിനെ ഹോമിക്കും ഞങ്ങൾക്കീ
യജ്ഞത്തിൻ ശക്തിയായ് തീർന്നാലും നീ.

— എം. പി. മന്മഥൻ

# മദ്യനിരോധനത്തിനെതിരായ വാദങ്ങളും മറുപടിയും

സമ്പൂർണ്ണ മദ്യനിരോധനത്തിനെതിരായി പ്രധാനമായും ആറ് വാദങ്ങളാണ് ഉന്നയിക്കപ്പെട്ടുവരുന്നത്. സമ്പൂർണ്ണ മദ്യനിരോധനത്തിനുവേണ്ടി ഗാന്ധിജി ആഹ്വാനം ചെയ്ത കാലംമുതൽ ആവർത്തിച്ചുവരുന്നവയാണ് ഈ വാദങ്ങൾ. ഗാന്ധിയൻ കാലഘട്ടത്തിൽ മുഖ്യമായും ബ്രിട്ടീഷ് ഗവൺമെൻറും അവരുടെ പാദസേവകരുമായിരുന്നു ഈ ന്യായവാദങ്ങൾക്കു പിന്നിലെങ്കിൽ ഇന്ന് ധനമോഹികളായ മദ്യമുതലാളിമാർക്ക് നിസ്സങ്കോചം ദാസ്യവേല ചെയ്യുന്ന ഭരണാധികാരികളും രാഷ്ട്രീയക്കാരും, ട്രേഡ്യൂണിയൻ നേതാക്കന്മാരും, ബുദ്ധികൊണ്ട് ഉപജീവനം തേടുന്ന ചില ബുദ്ധിജീവികളുമാണ് ഈ പ്രചരണങ്ങൾ ഏറ്റെടുത്തു നടത്തുന്നത്. യാഥാർത്ഥ്യത്തിൻെറയും യുക്തിബോധത്തിൻെറയും വെളിച്ചത്തിൽ പരിശോധിച്ചാൽ ഇവരുടെ ന്യായവാദങ്ങൾ അർദ്ധസത്യങ്ങളുടെയും ചേരുവകൾ യഥോചിതം ചേർത്ത് പാകപ്പെടുത്തിയിട്ടുള്ളവയാണെന്ന് കാണുവാൻ യാതൊരു പ്രയാസവുമില്ല.

## ഒന്ന്: മദ്യനിരോധനവും റവന്യൂ നഷ്ടവും

മദ്യനിരോധനം ഏർപ്പെടുത്തിയാൽ സ്റ്റേററിൻെറ റവന്യൂ വരുമാനത്തിൽ ഭീമമായ കുറവുണ്ടാകും. ഇത് സർക്കാരിൻെറ സാമ്പത്തിക ഭദ്രതയെ തകർക്കും. തൽഫലമായി വേണ്ടത്ര ജനക്ഷേമനടപടികൾ ഏറ്റെടുത്തു നടത്തുവാൻ സർക്കാരിന് കഴിയാതാകും. തന്മൂലം മദ്യനിരോധനം നടപ്പാക്കുക സാദ്ധ്യമല്ല. ഇതാണ് മദ്യനിരോധനത്തിനെതിരായ ആദ്യത്തെ വാദം.

അശ്രദ്ധമായ ഒററ നോട്ടത്തിൽ കുറെ കഴമ്പുള്ള ഒരു ന്യായമാണിതെന്ന് തോന്നാം. മദ്യവില്പനയിൽ നിന്നും സർക്കാരിനു ലഭിക്കുന്ന വരുമാനം ഓരോ

വർഷവും വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നത്. കേരളത്തിൽ ആണ്ടുതോറും മുന്നൂറുകോടിയോളം രൂപാ മദ്യത്തിൽനിന്നും സർക്കാരിനു വരുമാനമുണ്ട്. എന്നാൽ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. ഒരു സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനത്തിന്റെ ഒരു നിസ്സാര ഭാഗം മാത്രമാണ് അബ്കാരി ഇനത്തിലുള്ള വരുമാനം. മൊത്തവരുമാനവുമായി തട്ടിച്ചു നോക്കുമ്പോൾ ഏറെക്കുറെ അവഗണിക്കാവുന്ന ഒരംശം മാത്രം 10%. അതുമല്ല ലേലസമയത്ത് ലഭിക്കുന്ന കണക്കിൻപ്രകാരം ഉള്ള തുക മുഴുവൻ ഒരിക്കലും ഖജനാവിൽ അടഞ്ഞുകിട്ടാറുമില്ല. അബ്കാരി കരാറുകാർ കൈക്കൂലി കൊടുത്തും സംഭാവന കൊടുത്തും നേടിയെടുത്തിട്ടുള്ള രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് സാമ്പത്തിക വർഷാവസാനം വൻതുകകൾ ഇളവായി അനുവദിപ്പിക്കുകയും അങ്ങനെ സർക്കാരിനു ലഭിക്കേണ്ട അടങ്കൽ തുകയിൽ ഗണ്യമായ കുറവുണ്ടാകുകയും ചെയ്യും. (ഈ വസ്തുതകൾ ബഹുജനങ്ങൾ പ്രായേണ അറിയില്ലെന്നു മാത്രം)അതുകൊണ്ടുകൂടിയാണ് മദ്യം ഇനത്തിലുള്ള വരുമാനം ഫലത്തിൽ അവഗണിക്കാവുന്ന ത്ര നിസ്സാരമാണെന്ന് പറഞ്ഞത്.

ഇപ്രകാരം സർക്കാരിന്റെ മൊത്തം റവന്യൂവരുമാനത്തിന്റെ ഒരു നിസ്സാര ഭാഗം മാത്രം വരുന്ന ഈ തുകയ്ക്കുവേണ്ടി മദ്യവില്പന സർവ്വതന്ത്രസ്വതന്ത്രമായി നടത്തുവാൻ മദ്യക്കരാറുകാരെ അനുവദിക്കുകയാണ് സർക്കാർ ചെയ്യുന്നത്. വൻതുകയ്ക്ക് ഷാപ്പുകൾ ലേലം കൊള്ളുകമൂലം ഷാപ്പുടമകൾക്ക് നഷ്ടമുണ്ടാകാതിരിക്കാൻ എന്ന വ്യാജേന നിയമവിരുദ്ധമായും മദ്യവില്പന നടത്താൻ അവരെ സർക്കാർ സഹായിക്കുന്നു. തന്മൂലം സമൂഹത്തിൽ മദ്യത്തിന്റെ പ്രചാരം വ്യാപകമാവുകയും, മദ്യപാനം അമിതമായി വർദ്ധിക്കുകയും ചെയ്യുന്നു. മദ്യത്തിന്റെ വ്യാപകവും അമിതവുമായ ഉപയോഗം മദ്യപരെ രോഗികളാക്കുന്നു. മദ്യപാനത്തിന്റെ അനിവാര്യഫലങ്ങളായ ഉദരരോഗങ്ങളുടേയും കരൾ രോഗങ്ങളുടേയും നിരക്ക് നമ്മുടെ നാട്ടിൽ

വളരെയധികം വർദ്ധിച്ചുവരുന്നതായിട്ടാണ് വൈദ്യശാസ്ത്ര സർവ്വേകൾ വെളിപ്പെടുത്തുന്നത്. ഇങ്ങനെ സമൂഹത്തിലെ നല്ലൊരു വിഭാഗം ജനങ്ങളെ രോഗഗ്രസ്തരാക്കിയിട്ട് അവരുടെ ചികിൽസയ്ക്കായി സർക്കാർ വൻതോതിൽ പണം മുടക്കുകയും ചെയ്യുന്നു. മദ്യവില്പനയിൽക്കൂടി സർക്കാർ നേടുന്ന പണത്തിൻെറ ഒരു വലിയ പങ്ക് മദ്യപാനംമൂലമുണ്ടാകുന്ന രോഗങ്ങളുടെ ചികിൽസക്കായി മുടക്കിയിട്ട് തങ്ങൾ ജനക്ഷേമപ്രവർത്തനം നടത്തുകയാണെന്ന് ഭാവിക്കുന്നതിലെ ബുദ്ധിശൂന്യതയും, ഭാവനാദാരിദ്ര്യവും ഊഹിക്കാവുന്നതേയുള്ളു. അതുപോലെ മനുഷ്യനിലെ ധർമ്മാധർമ്മ വിവേചനത്തെ നിഹനിക്കുന്ന മദ്യപാനം, കൊലപാതകം, ബലാൽസംഗം മുതലായ അധാർമ്മിക പ്രവർത്തികൾക്ക് കാരണമായിത്തീരുന്നു. റോഡപകടങ്ങൾ വർദ്ധിക്കുന്നു, കുററകൃത്യങ്ങൾ പെരുകുന്നു. ഇവയുടെയെല്ലാം കൈകാര്യത്തിനും നിവാരണത്തിനുമായി സർക്കാർ മുടക്കുന്ന പണം എത്രമാത്രമാണെന്ന് നമുക്ക് അറിയാവുന്നതാണല്ലോ. ചുരുക്കിപ്പറഞ്ഞാൽ മദ്യം വിററുണ്ടാക്കുന്ന പണത്തിൻെറ സിംഹഭാഗവും മദ്യപാനം മൂലമുണ്ടാകുന്ന രോഗങ്ങളുടെ ചികിത്സയ്ക്കും ക്രമസമാധാനലംഘനത്തെ നേരിടുന്നതിനുമായിട്ടാണ് സർക്കാർ ചെലവാക്കുന്നത്. ഇതെത്ര ഭയങ്കരവിരോധാഭാസമാണെന്ന് പറഞ്ഞറിയിക്കേണ്ടതില്ല. ഒരാളുടെ കാല് തല്ലിയൊടിച്ചശേഷം അത് വെച്ചുകെട്ടികൊടുത്തതുകൊണ്ട് 'ഞാൻ നിനക്ക് ഉപകാരമല്ലേ ചെയ്തത്?' എന്നു ചോദിക്കുന്നതുപോലെ അർത്ഥശൂന്യമാണ്, ജനക്ഷേമപ്രവർത്തനത്തിനുവേണ്ടിയുള്ള ധനമാർജ്ജിക്കാനാണ് മദ്യവിൽപന നടത്തുന്നത് എന്ന് വാദിക്കുന്നത്.

സർക്കാരിന് തുച്ഛമായ വരുമാനം ഉണ്ടാക്കിക്കൊടുക്കുമ്പോൾ, ഇതിൻെറ പേരിൽ മദ്യഷാപ്പ് കോൺട്രാക്ടർമാർ നേടുന്നത് പ്രസ്തുത തുകയുടെ പത്തും പതിനഞ്ചും ഇരട്ടിയാണ്. ഒരു ലക്ഷം രൂപയ്ക്ക്

ഒരു മദ്യഷാപ്പു ലേലം ചെയ്യപ്പെടുന്നുവെങ്കിൽ ചുരുങ്ങിയത് നാലു ലക്ഷം രൂപയുടെ മദ്യം അവിടെ വിൽക്കണമെന്നാണ് സർക്കാർകണക്ക്. അതായത് ലേലത്തുകയുടെ നാലിരട്ടി. യഥാർത്ഥത്തിൽ പത്തും പതിനഞ്ചും ഇരട്ടി തുകയ്ക്കുള്ള മദ്യമാണ് ചെലവാക്കുന്നത്. അതായത് സർക്കാരിന് ഏകദേശം മുന്നൂറു കോടി രൂപാ അബ്കാരി ഇനത്തിൽ വരുമാനമുണ്ടാക്കാൻ കേരളത്തിലെ ജനങ്ങൾ 3000 കോടി രൂപയിൽ കുറയാത്ത തുകയ്ക്കുള്ള മദ്യം കുടിക്കേണ്ടിവരുന്നു എന്നർത്ഥം. ഇതിൽനിന്നും മദ്യമുതലാളിമാർക്ക് കിട്ടുന്ന ലാഭം എത്രയാണെന്ന് വ്യക്തമാണല്ലോ. 3000 കോടി രൂപയ്ക്കുള്ള മദ്യം ചെലവാകണമെങ്കിൽ കേരളത്തിലെ സ്കൂൾകുട്ടികൾവരെ മദ്യം കഴിക്കണമെന്നുവരുന്നു. സ്കൂളുകളുടെ സമീപം ഷാപ്പുകൾ സ്ഥാപിച്ച് മദ്യമുതലാളിമാർ സ്കൂൾകുട്ടികളെയും കുടിപഠിപ്പിച്ചു എന്നർത്ഥം. ചുരുക്കിപ്പറഞ്ഞാൽ പാവങ്ങളുടെ ചെലവിൽ മദ്യഷാപ്പ് കോൺട്രാക്ടർമാരെ കോടീശ്വരന്മാരാക്കി മാററുവാനും, കള്ളപ്പണ വിപണിയും നാണ്യപ്പെരുപ്പവും സൃഷ്ടിച്ച് നാടിൻെറ സമ്പദ്‌വ്യവസ്ഥയെ തകിടം മറിക്കാനുമാണ് മദ്യം വിൽക്കുന്ന സർക്കാർ കൂട്ടുനിൽക്കുന്നത്. ഇത് ഏതു സോഷ്യലിസ നിയമപ്രകാരം ന്യായീകരിക്കാനാകുമെന്ന് ബഹുജനങ്ങൾക്ക് വ്യക്തമാക്കിക്കൊടുക്കുവാനുള്ള ബാദ്ധ്യത മദ്യനിരോധനത്തെ എതിർക്കുന്നവർക്കുണ്ടെന്ന് അവർ മറക്കരുത്.

സാധാരണ ജനങ്ങളുടെ, വിശേഷിച്ചും തൊഴിലാളികളുടെ ധനശേഷിയേയും, കർമ്മശേഷിയേയും ചോർത്തി നശിപ്പിക്കുന്ന, എല്ലാ വിഭാഗം മനുഷ്യരുടേയും ധർമ്മാധർമ്മവിവേചനത്തെ തകർക്കുന്ന, അഴിമതിയുടെ ഊററില്ലമായ, സർവ്വ തിന്മകളുടേയും മാതാവായ മദ്യം നാട്ടിൽ അനിയന്ത്രിതമായി വിപണനം ചെയ്യുന്നതിൽ സുപ്രധാനമായ ഒരു ധാർമ്മിക പ്രശ്നവും അന്തർഭവിച്ചിട്ടുണ്ട്. ഖജനാവിലേക്ക മുതൽ കൂട്ടാൻവേണ്ടി മാത്രം

മാരകദ്രാവകമായ മദ്യം വിൽക്കുന്നത് തികച്ചും അധാർമ്മികമായ ഒരു നടപടിയാണ്. മദ്യത്തിൽനിന്നുള്ള വരുമാനത്തെ പാപത്തിന്റെ കൂലി എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് അതുകൊണ്ടാണ്. പണമുണ്ടാക്കാൻ വേണ്ടി മദ്യം വിൽക്കാൻ തയ്യാറാകുന്ന ഒരു സർക്കാർ വ്യഭിചാരത്തിന് ലൈസൻസ് നൽകി പണമുണ്ടാക്കുകയില്ലെന്ന് എന്താണുറപ്പ്! ധനസമ്പാദനത്തിനുവേണ്ടി എന്ത് അധാർമ്മിക വൃത്തികളേയും നിയമവിധേയമാക്കാൻ ഒരു പരിഷ്കൃത ഭരണകൂടത്തിന് സാധിക്കുകയില്ല. അങ്ങനെ ചെയ്യുന്ന ഭരണകൂടം പ്രാകൃതവും ജനക്ഷേമവിരുദ്ധവും തന്മൂലം തകർക്കപ്പെടേണ്ടതുമാണ്.

മദ്യത്തിൽ നീന്തിത്തുടിക്കുന്ന ഒരു സമൂഹത്തിൽ സത്യധർമ്മങ്ങൾ നിലനിൽക്കുകയില്ല. ധാർമ്മികമൂല്യങ്ങൾ വേരോടുകയില്ല. അങ്ങനെയുള്ള ഒരു സമൂഹത്തിന്റെ നിലനില്പുതന്നെ അപകടത്തിലാവുകയും ചെയ്യും. മദ്യമെന്ന മഹാവിപത്ത് സാമ്പത്തികവാദംകൊണ്ട് നേരിടാവുന്നതിലെത്രയോ പതിന്മടങ്ങ് ഗുരുതരമാണ്. അതുകൊണ്ടാണ് 1939_ൽ തന്നെ ഗാന്ധിജി പറഞ്ഞത്. "നിശ്ചിത കാലത്തിനുള്ളിൽ ഈ ശാപത്തിൽനിന്ന് ഇന്ത്യക്ക് മോചനം വേണമെന്നുണ്ടെങ്കിൽ പണമില്ലാത്തതുകൊണ്ടോ, നികുതി കമ്മിയാകുമെന്ന ഭയംകൊണ്ടോ കാലവിളംബം പാടില്ല." (ഹരിജൻ—24_12_1938) ഒരു മദ്യനിരോധന സമ്മേളനത്തിന് അയച്ചുകൊടുത്ത സന്ദേശത്തിൽ നെഹ്രുവും ഇക്കാര്യം ഊന്നിപ്പറയുന്നത് ശ്രദ്ധിക്കുക. "മദ്യനിരോധനം നടപ്പാക്കേണ്ട കാര്യമാണെന്നു സമ്മതിക്കുമെങ്കിൽ അതിനുള്ള തടസ്സങ്ങളെ നിശ്ചയദാർഢ്യത്തോടെ തരണം ചെയ്യുകയാണ് ആവശ്യം_തടസ്സങ്ങൾ ഉന്നയിക്കുകയല്ല." ഇതിൽനിന്നെല്ലാം റവന്യു നഷ്ടപ്പെടുമെന്ന വാദംകൊണ്ട് മദ്യനിരോധനത്തെ എതിർക്കുന്നതിൽ കഴമ്പില്ലെന്ന് സ്പഷ്ടമാണല്ലോ.

## രണ്ട്: മദ്യനിരോധനവും തൊഴിൽ പ്രശ്നവും

മദ്യനിരോധനത്തിനെതിരായി ഉന്നയിക്കപ്പെടുന്ന രണ്ടാമത്തെ വാദം അത് ഒട്ടനവധി തൊഴിൽക്കാരുടെ തൊഴിൽ നഷ്ടപ്പെടുത്തുമെന്നാണ്. തൊഴിലില്ലായ്മ, വിശേഷിച്ചും അഭ്യസ്തവിദ്യരുടെ പോലും തൊഴിലില്ലായ്മ രൂക്ഷമായുള്ള ഒരു സമൂഹത്തിൽ ഇത് വളരെ ഗൗരവപൂർവ്വം പരിഗണിക്കേണ്ട ഒരു പ്രശ്നമാണെന്നതിൽ സംശയമേ ഇല്ല.

മദ്യം നിരോധിച്ചാൽ തൊഴിൽ നഷ്ടപ്പെടുന്നവർ ചെത്തുതൊഴിലാളികളും മദ്യവ്യവസായത്തോട് നിയമപരമായി ബന്ധപ്പെട്ടിട്ടുള്ള തൊഴിലാളികളുമാണല്ലോ? ഇവരുടെ തൊഴിൽ നഷ്ടപ്പെടുത്തി ഇവരെ വഴിയാധാരമാക്കണമെന്ന് മദ്യനിരോധനവാദികൾ പറയുന്നില്ല. ഒരു കാലത്തും പറയുകയുമില്ല. കാരണം സാധാരണക്കാരുടെ ജീവിത ദുരിതങ്ങളെക്കുറിച്ച് മററാരേക്കാളും കൂടുതൽ വേദനയും ഉൾച്ചൂടുമുള്ളവരാണ് മദ്യനിരോധന പ്രവർത്തകർ. അതുകൊണ്ടുകൂടിയാണ് മദ്യം നിരോധിക്കണമെന്നവർ ആവശ്യപ്പെടുന്നത്. മദ്യം നിരോധിച്ചാൽ ലക്ഷക്കണക്കിനു തൊഴിലാളികളുടെയും മററു മദ്യവ്യവസായ തൊഴിലാളികളുടെയും തൊഴിൽ നഷ്ടപ്പെടുമെന്നാണ് പ്രസ്തുത തൊഴിലാളികളുടെ സംരക്ഷകരെന്നവകാശപ്പെടുന്ന യൂണിയൻ നേതാക്കൾ മുറവിളി കൂട്ടുന്നത്. ഗവൺമെൻറിന് സംരക്ഷിക്കാനോ, പകരം തൊഴിൽ നൽകാനോ കഴിയാത്തത്ര ഭീകരമാണ് അവരുടെ സംഖ്യ എന്നാണ് ട്രേഡ് യൂണിയൻ നേതാക്കൾ പറയുന്നത്. ഈ കണക്ക് വസ്തുതകൾക്ക നിരക്കാത്തതാണ്. കേരളത്തിൽ രജിസ്ററർ ചെയ്ത ചെത്തുതൊഴിലാളികളുടെ എണ്ണം 38000_ൽ താഴെയാണ്. മാത്രമല്ല ചെത്ത് കുലത്തൊഴിലായി സ്വീകരിക്കുന്ന രീതി ഗണ്യമായി കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. എത്ര ആദായകരമായ ഒരു തൊഴിലാണി

തെങ്കിലും ഒരു ചെത്തുകാരനും തൻെറ മക്കരം ചെത്തു കാനാരകണമെന്ന് ആഗ്രഹിക്കുമെന്നു തോന്നുന്നില്ല. നാല്പതു വയസ്സിൽ കുറവു പ്രായമുള്ള ചെത്തു കാരുടെ എണ്ണം പരിമിതമാണെന്നും ശ്രദ്ധിക്കുക. പുതിയ തലമുറയ്ക്ക് ഈ തൊഴിലിനോടുള്ള ഇഷ്ട ക്കുറവും അവജ്ഞയുമാണിത് സൂചിപ്പിക്കുന്നത്. അതായത് വർഷം ചെല്ലുംതോറും ചെത്ത് തൊഴിലായി സ്വീകരിക്കുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞു കൊണ്ടിരിക്കുമെന്നു സാരം.

അതോടൊപ്പം ചെത്തുവൃക്ഷങ്ങളുടെ—പനയും തെങ്ങും—എണ്ണത്തിലും കാര്യമായ കുറവുണ്ടായിട്ടുണ്ട്. എന്നാൽ കള്ളിൻെറ അളവിൽ കുറവുണ്ടാകുന്നില്ലെന്നു മാത്രമല്ല അത് അമിതമായി വർദ്ധിക്കുന്നുണ്ടുതാനും. കാരണം വ്യക്തമാണ്. ഇന്ന് കള്ളധികവുമുണ്ടാകു ന്നത് ചെത്തുതൊഴിലാളി തെങ്ങോ പനയോ ചെത്തി യിട്ടല്ല. കുമ്പളങ്ങ, വാഴത്തട തുടങ്ങിയ വസ്തുക്കളിൽ രാസപദാർത്ഥങ്ങരം ചേർത്ത് കുടിലുകളിലാണ് കള്ള് ഉല്പാദിപ്പിക്കുന്നത്, വൃക്ഷങ്ങളിൽനിന്നല്ല എന്ന സത്യം അറിയാത്തവർ ചുരുങ്ങും. ഈ വസ്തുതകളു ടെ വെളിച്ചത്തിൽ വേണം ചെത്തുതൊഴിലാളികളുടെ എണ്ണത്തിൻെറ പ്രശ്നം പരിഹരിക്കാൻ. മദ്യവ്യവസാ യവുമായി ബന്ധപ്പെട്ട മററു തൊഴിലാളികരം ഏകദേശം ഒരു ലക്ഷത്തോളം വരുമെന്നാണ് കണക്കാക്കിയിട്ടുള്ള ത്. ചുരുക്കത്തിൽ ഒന്നരലക്ഷത്തിൽ താഴെ മാത്രം തൊഴിലാളികളാണ് മദ്യോൽപ്പാദന വിപണന രംഗങ്ങ ളിൽ പണിയെടുക്കുന്നത്. യൂണിയൻ നേതാക്കരം പെ രുപ്പിച്ചു കാണിക്കുന്നതുപോലെ ഗവൺമെൻറിന് പുന രധിവസിപ്പിക്കാൻ സാധിക്കാത്തത്ര ഭീമമല്ല—അനേക ലക്ഷങ്ങളില്ല—തൊഴിലാളികളുടെ എണ്ണം.

എങ്കിൽപ്പോലും അവരുടെ തൊഴിൽ പ്രശ്നം അവ ഗണിക്കാവുന്ന ഒന്നല്ല. അത് അനേകം സാധാരണ കുടുംബങ്ങളുടെകൂടി പ്രശ്നമായി മദ്യനിരോധന പ്രവർത്തകർ വീക്ഷിക്കുന്നു. അതുകൊണ്ടാണ് വ്യക്ത

മായ നിർദ്ദേശങ്ങളും, പദ്ധതികളും ഇക്കാര്യത്തിൽ ബഹുജനങ്ങളുടേയും സർക്കാരിൻെറയും സമക്ഷം സമർപ്പിക്കാൻ ഞങ്ങരം തയ്യാറാകുന്നതും.

## നിർദ്ദേശങ്ങൾ

1) മദ്യം നിരോധിച്ചാൽ ചെത്തുനിർത്തണമെന്ന് നിർബന്ധമില്ല. മറിച്ച് മദ്യം നിരോധിച്ചാലും ചെത്തു തുടരാം. മദ്യം നിരോധിച്ച മററു പല സംസ്ഥാനങ്ങളിലും ചെത്ത് പൂർണ്ണമായും നിറുത്തിയിരുന്നില്ല. കളള് പുളിക്കുമ്പോരം മാത്രമാണ് അത് മദ്യമായിത്തീരുന്നതെന്ന് ഏവർക്കും അറിയാവുന്നതാണല്ലോ? മദ്യാംശമില്ലാത്ത കളള് നീരപോലെ ശീതളപാനീയങ്ങളാക്കി വില്ക്കാവുന്നതാണ്. ഗുജറാത്ത്, മഹാരാഷ്ട, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ ചെത്തിയെടുക്കുന്ന കളള് പുളിപ്പിക്കാതെ നീരയാക്കി മാററി ധാരാളം വിററു വരുന്നു. ഈ സമ്പ്രദായം ഇവിടെയും സ്വീകരിക്കാവുന്നതാണ്. കല്പവൃക്ഷത്തിൽനിന്ന് കാളകൂടം ഉല്പാദിപ്പിക്കണമെന്ന് നിർബന്ധം പിടിക്കരുതെന്നുമാത്രം. കൂടാതെ കളളിൽനിന്നു പാനിയും, ചെറുക്കയും, ചക്കരയും ഉണ്ടാക്കാനും സാധിക്കും. കരിമ്പിൽനിന്നും ഉല്പാദിപ്പിക്കുന്ന ചക്കരയെക്കാരം മധുരം കുറഞ്ഞതും, ഊർജ്ജം കൂടുതൽ ലഭിക്കുന്നതും, രോഗികരംക്കുപോലും ഉപയോഗിക്കാവുന്നതുമായ ചക്കരയാണ് പുളിപ്പില്ലാത്ത കളളിൽനിന്നും ഉണ്ടാക്കുന്ന ചക്കര. ഇതൊരു കുടിൽ വ്യവസായമായി സംഘടിപ്പിക്കാനും സാധിക്കും. മദ്യനിരോധനമേർപ്പെടുത്തുന്നതുമൂലം തൊഴിൽ നഷ്ടപ്പെട്ടുന്നവർക്ക് കൂടുതൽ ആദായകരവും, മാന്യവുമായ തൊഴിൽ നൽകാൻ ഇതുമൂലം സാധിക്കുന്നതാണ്. ഗുജറാത്തിലും, മഹാരാഷ്ട്രയിലും മററും ഇന്നും വിജയകരമായി നടത്തിവരുന്ന ഒരു കുടിൽവ്യവസായമാണ് കളളിൽനിന്നും ചക്കരയും, പാനിയും, വിന്നാഗിരിയും മററും ഉല്പാദിപ്പിക്കുന്നത്.

2) വിദേശമദ്യങ്ങൾ ഉല്പാദിപ്പിക്കുന്ന ഡിസ്റ്റിലറികൾക്ക് ചില്ലറ വ്യത്യാസങ്ങൾ വരുത്തിയാൽ അവയെ മരുന്നുല്പാദിപ്പിക്കുന്ന ഫാർമസ്യൂട്ടിക്കൽ സ്ഥാപനങ്ങളാക്കി മാററാൻ സാധിക്കും. മനുഷ്യൻെറ ആരോഗ്യത്തെ തകർക്കുന്ന ഉല്പന്നങ്ങൾക്കു പകരം ആരോഗ്യ സംരക്ഷണ വസ്തുക്കൾ അവിടെ നിർമ്മിക്കാനാവും. അങ്ങനെ അവിടെയുള്ള തൊഴിലാളികളുടെ തൊഴിൽ എളുപ്പം സംരക്ഷിക്കാൻ സാധിക്കും.

3) 1927 സെപ്റ്റംബർ 8-ാം തീയതിയിലെ 'യങ് ഇന്ത്യ'യിൽകൂടി ഗാന്ധിജി നൽകിയ നിർദ്ദേശവും നമുക്ക് സ്വീകരിക്കാവുന്നതാണ്. മദ്യശാലകളിൽ പണിയെടുക്കുന്നവരുടെ തൊഴിൽ സംരക്ഷിക്കാനായി മദ്യശാലകളെ 'ലഘുഭക്ഷണശാലയും സംഗീതശാലയും കൂടിചേർന്നതാക്കി മാററുക' എന്ന് ഗാന്ധിജി നിർദ്ദേശിച്ചു. നമ്മുടെ നാട്ടിലെ മദ്യഷാപ്പുകളെ ഹോട്ടലുകളോ, ലഘുഭക്ഷണശാലകളോ ആക്കി മാററി അവിടെ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽ തുടർന്നും നിലനിർത്താൻ യാതൊരു ബുദ്ധിമുട്ടുമില്ല.

4) ഇതെല്ലാം ചെയ്താലും തൊഴിൽ നഷ്ടപ്പെട്ടന്നവരുണ്ടെങ്കിൽ അവരേയും, മദ്യവ്യവസായവുമായി ബന്ധപ്പെട്ട നികൃഷ്ടവും ശാപഗ്രസ്തവും ജനദ്രോഹപരവുമായ തൊഴിൽ സ്വമേധയാ വേണ്ടെന്നുവയ്ക്കുന്നവരുണ്ടെങ്കിൽ അവരേയും പുനരധിവസിപ്പിക്കുവാൻ ഗവൺമെൻറും, സാമൂഹ്യസംഘടനകളും മുൻകയ്യെടുക്കണം. പകരം തൊഴിൽ കണ്ടെത്താൻ അവരെ സഹായിക്കണം. മിച്ചഭൂമി പതിച്ചുകൊടുത്തും മററും അവരിൽ കുറെപ്പേരെയെങ്കിലും കാർഷികവൃത്തിയിൽ ഏർപ്പെടുത്താൻ സഹായിക്കാൻ ഗവൺമെൻറിനു സാധിക്കും. കച്ചവടമോ കുടിൽവ്യവസായമോ ആരംഭിക്കാൻ ദേശവൽകൃത ബാങ്കുകൾ ഉദാരമായ വ്യവസ്ഥയിൽ ഇവർക്കു വായ്പ നല്കാൻ നിർദ്ദേശിക്കാവുന്നതാണ്. ഇപ്രകാരം പലവിധത്തിലും വലിയ ക്ലേശമില്ലാതെതന്നെ ഇവരെ

പുനരധിവസിപ്പിക്കാവുന്നതാകുന്നു. ഭരണാധികാരികൾ അല്പം വിവേകവും നിശ്ചയദാർഢ്യവും പ്രകടിപ്പിക്കണമെന്നുമാത്രം.

ഗവൺമെൻറിൻെറയും സമൂഹത്തിൻെറയും ഭാഗത്തുനിന്നും ഇത്രയും ശ്രമങ്ങൾ ആത്മാർത്ഥമായി ഉണ്ടായാൽ പിന്നെയാരും സമൂഹത്തിനും രാജ്യത്തിനും ദ്രോഹകരമായ ഈ തൊഴിലേ ചെയ്യൂ എന്ന് ശാഠ്യം പിടിക്കുമെന്ന് തോന്നുന്നില്ല. നാട്ടിനാകമാനം നന്മവരുത്തുന്ന പരിഷ്കാരങ്ങളെ എതിർക്കാൻ സംഘടിത തൊഴിലാളി വർഗ്ഗം ശ്രമിക്കുന്നത് ശരിയുമല്ല. ഫ്ളഷ് ഔട്ട് കക്കൂസുകൾ സാർവ്വത്രികമാകാൻ തുടങ്ങിയപ്പോൾ പട്ടണങ്ങളിൽനിന്നും അമേധ്യം (മലം) തലയിൽ ചുമന്ന് മാററിയിരുന്ന തോട്ടികൾ തങ്ങളുടെ തൊഴിൽ നഷ്ടപ്പെടുമെന്നുപറഞ്ഞ് ഫ്ളഷ് ഔട്ട് കക്കൂസുകൾ പാടില്ല എന്നു വാദിച്ചില്ലല്ലോ. പാലങ്ങൾ പണിതപ്പോൾ കടത്തുകാർ അതിനെതിരായി സമരകാഹളം മുഴക്കിയതുമില്ല. നാടിൻെറ സ്വാതന്ത്ര്യത്തെ അപകടപ്പെടുത്തുന്നതും, ജനാധിപത്യത്തെ അർത്ഥശൂന്യവും അപഹാസ്യവുമാക്കുന്നതും, സോഷ്യലിസത്തെ അട്ടിമറിക്കുന്നതുമായ ഒരു മഹാശാപമാണ് മദ്യം. അത് നിരോധിക്കണമെന്ന് ആവശ്യപ്പെടുമ്പോൾ അങ്ങിങ്ങായി മദ്യത്തൊഴിലാളികൾ അതിനെതിരായി മുറവിളി കൂട്ടുന്നത് അവരുടെതന്നെ വർഗ്ഗതാല്പര്യങ്ങളെ അപകടപ്പെടുത്തുമെന്ന് അവർ മനസിലാക്കണം. പാവപ്പെട്ട തൊഴിലാളികളുടെ ചെലവിൽ സുഖലോലുപനും ഭോഗലാലസനുമായി കഴിഞ്ഞുകൂടുന്ന മുതലാളിത്ത മനസ്ഥിതിക്കാരായ ട്രേഡ്യൂണിയൻ നേതാക്കളാണ് മദ്യനിരോധനത്തിനെതിരായി അണിനിരക്കാൻ തൊഴിലാളികളെ പ്രേരിപ്പിക്കുന്നത്. തൊഴിലാളികളുടെ വേതനത്തിൻെറ പങ്കുപററിയും മുതലാളിമാരിൽനിന്ന് അലവൻസു വാങ്ങിയും സുഖിച്ചുവാഴുന്ന ഈ നേതൃമ്മന്യരുടെ സ്വാർത്ഥതയും, സ്ഥാപിതതാല്പര്യവും തൊഴിലാളികൾ മനസ്സിലാക്കണമെന്നും മദ്യം നിരോധിച്ചാൽ ലക്ഷ

കണക്കിന് തൊഴിലാളി കുടുംബങ്ങളാണ് ആദ്യം രക്ഷപ്പെടുന്നത് എന്നുള്ള വസ്തുത ഗ്രഹിച്ച് അവർ ഈ സദുദ്യമത്തെ പിന്തുണയ്ക്കണമെന്നും അഭ്യർത്ഥിക്കുന്നു.

## മൂന്ന്. മദ്യനിരോധനവും വ്യാജമദ്യവും

സമ്പൂർണ്ണ മദ്യനിരോധനത്തിനെതിരായി ഉന്നയിക്കപ്പെടുന്ന മൂന്നാമത്തെ വാദം മദ്യനിരോധനം ഒരിടത്തും പൂർണ്ണമായി വിജയിച്ചിട്ടില്ല, വിജയിക്കുകയുമില്ല, തന്മൂലം അതു പാടില്ല എന്നാണ്. മദ്യനിരോധനം ഏർപ്പെടുത്തിയാൽ വ്യാജമദ്യനിർമ്മാണം അഥവാ കള്ളവാററ് വ്യാപകമാകുമെന്നും മനുഷ്യർ വിഷമദ്യം കുടിക്കേണ്ടി വരുമെന്നും അതുകൊണ്ട് അത് അനാശാസ്യമാണെന്നും ഈ വാദം തുടരുന്നു. നിയമപാലകന്മാരായിരിക്കേണ്ട ഉദ്യോഗസ്ഥന്മാരും, ഭരണാധികാരികളും ഈ അഭിപ്രായം പ്രചരിപ്പിക്കുന്നതിൽ ഒരു സുപ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. അല്പമൊന്നു ചിന്തിച്ചാൽ മാത്രം മതി ഈ വാദത്തിന്റെ അർത്ഥശൂന്യത മനസ്സിലാക്കാൻ. ഒരു നിയമം, അതു ലംഘിക്കപ്പെടുന്നു എന്നതുകൊണ്ട്, അനാവശ്യമോ, അപ്രായോഗികമോ ആണെന്നുവരുന്നില്ല. ഒരു ചെറിയ ഉദാഹരണംകൊണ്ട് ഈ ആശയം കൂടുതൽ വ്യക്തമാക്കാം. കൊലപാതകം നിയമവിരുദ്ധമാണല്ലോ? കൊലക്കുററം ചെയ്യുന്ന ആളിന് തൂക്കിക്കൊല്ലൽവരെയുള്ള കഠിനശിക്ഷകൾ ഇന്ത്യൻ ശിക്ഷാനിയമം അനുശാസിക്കുന്നുണ്ട്. ഇത്ര കഠിന ശിക്ഷകൾ നൽകാൻ വകുപ്പുകൾ ഉണ്ടായിട്ടും നമ്മുടെ നാട്ടിൽ കൊലപാതകം അവസാനിച്ചിട്ടില്ല. ഇതിന്റെ അർത്ഥം കൊലപാതക നിരോധന നിയമം പരാജയപ്പെട്ടു എന്നാണല്ലോ. അതുകൊണ്ട് കൊലപാതകത്തിനെതിരായി നിയമം വേണ്ടെന്നുവയ്ക്കാനോ, കൊലപാതകം നിയമവിധേയമാക്കാനോ ഏതെങ്കിലും ഗവൺമെൻറ് തയ്യാറാകുമോ? അങ്ങനെ ചെയ്യണമെന്നു പറയുന്നതിൽ ന്യായമോ യുക്തിയോ ഉണ്ടോ? മോഷണം ഇന്നും നടക്കുന്നതുകൊണ്ട് അതും, വ്യഭിചാരം തുടരുന്നതുകൊണ്ട്

അതും ആത്മഹത്യ നിലയ്ക്കാത്തതുകൊണ്ട് അതും നിരോധിക്കരുതെന്നും നിയമ വിധേയമാക്കണമെന്നും ആരെങ്കിലും വാദിക്കുമോ? ഇതുപോലെതന്നെ നിരർത്ഥകമാണ് മദ്യനിരോധനത്തിനെതിരായ വാദവും. മദ്യനിരോധനമേർപ്പെടുത്തിയ ചില സ്ഥലങ്ങളിൽ അത് പൂർണ്ണമായും വിജയിച്ചില്ല എന്നതുകൊണ്ട് മദ്യനിരോധനമേ വേണ്ടെന്നു വയ്ക്കണമെന്നുപറയുന്നതിൽ ഒരു ന്യായവുമില്ലെന്ന് വ്യക്തമാണല്ലോ. നിയമം കർശനമായി നടപ്പാക്കാൻ ഭരണാധികാരികൾക്കും, നിയമപാലകർക്കും ആത്മാർത്ഥമായ താല്പര്യമോ കഴിവോ ഇല്ല എന്ന സത്യം മൂടിവയ്ക്കാനാണ് യഥാർത്ഥത്തിൽ ഈ വാദം ഉന്നയിക്കുന്നത്. ഉത്തമ ബോധത്തോടും, നിശ്ചയദാർഢ്യത്തോടുംകൂടി ഭരണാധികാരികൾ നിയമം കൊണ്ടുവരികയും, കർശനമായി അതു നടപ്പാക്കാൻ നിയമപാലകർ ആത്മാർത്ഥമായി ശ്രമിക്കുകയും ചെയ്താൽ ഈ പ്രശ്നങ്ങളൊന്നും ഉത്ഭവിക്കുകപോലുമില്ല.

മദ്യം നിരോധിച്ചാൽ വ്യാജവാററ് പെരുകുമെന്ന വാദവും വസ്തുതകൾക്ക് നിരക്കാത്തതാണ്. കള്ളവാററും വ്യാജമദ്യവും മദ്യവ്യവസായത്തോടൊപ്പവും അതിനോട് മത്സരിച്ചുമാണ് വളരുന്നത്. മദ്യക്കച്ചവടം അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലാണ് മദ്യനിരോധിത മേഖലയെക്കാൾ അധികം വ്യാജമദ്യനിർമ്മാണം നടന്നുവരുന്നതെന്ന വസ്തുത അല്പമൊന്നാലോചിച്ചാൽ മനസ്സിലാകും. മദ്യവ്യവസായികളാണ് വ്യാജമദ്യോല്പാദനത്തെ പ്രോൽസാഹിപ്പിക്കുന്നത്. ചുരുങ്ങിയ ചെലവിൽ വ്യാജമദ്യം മൊത്തമായി ശേഖരിച്ച് അതിനെ വിസ്കിയും ബ്രാണ്ടിയും മററുമായി മാററി വിലകൂട്ടി വിററ് ലാഭമുണ്ടാക്കുകയാണ് മദ്യഷാപ്പുകാർ ചെയ്യുന്നത്. ഇന്ന് വ്യാജവാററ് നടക്കുന്നത് വൻകിട മദ്യഷാപ്പുകാരുടെ സംരക്ഷണയിലാണ്. തന്മൂലം എക്സൈസുകാർക്ക് വ്യാജവാററ് തടയാൻ സാധിക്കുന്നുമില്ല. ഇതിൻെറയെല്ലാം ഫലമായി നിയമാനുസൃത മദ്യവ്യാപാരത്തിൻെറ മറവിൽ കള്ളവാററും വ്യാജമദ്യ

വിപണനവും നടക്കുന്നു. അടുത്തകാലത്ത് പുനലൂരിലും, ബാംഗ്ളൂരിലും ഉണ്ടായ മദ്യദുരന്തങ്ങൾ വെളിപ്പെടുത്തുന്ന സത്യവും ഇതാണ്. ഇവിടങ്ങളിൽ വിഷമദ്യം വിററത് സർക്കാർ ലൈസൻസുള്ള മദ്യഷാപ്പുകളിലാണെന്ന കാര്യവും നമുക്കറിവുള്ളതാണല്ലോ? മദ്യനിരോധനമേർപ്പെടുത്തിയ സ്ഥലങ്ങളിൽ മററു സ്ഥലങ്ങളെ അപേക്ഷിച്ച് വ്യാജമദ്യനിർമ്മാണവും വിപണനവും തുലോം കുറവാണെന്നതാണ് സത്യം. കേരളത്തിലോ കർണ്ണാടകത്തിലോ ഉള്ളത്ര കള്ളവാററ് മദ്യം നിഷേധിച്ചിട്ടുള്ള ഗുജറാത്തിലുണ്ടെന്ന് സത്യസന്ധതയുള്ളവരാരും വാദിക്കുമെന്ന് തോന്നുന്നില്ല.

## നാല്: മദ്യനിരോധനവും മദ്യവർജ്ജനവും

മൂന്നാമത്തെ വാദത്തിൻെറ തുടർച്ചയെന്നോണം ഉന്നയിക്കപ്പെടുന്ന ഒന്നാണ് മദ്യനിരോധനം വേണ്ട വർജ്ജനം മതി എന്ന വാദം. അതായത് മദ്യം ഇഷ്ടമില്ലാത്തവർ അതു കഴിക്കണ്ട, ഇഷ്ടമുള്ളവരൊക്കെ അതു കഴിച്ചുകൊള്ളട്ടെ, അവരെ തടയുന്നതു ശരിയല്ല. അവരെ ഉപദേശിച്ചു പിൻമാറുകയേ പാടുള്ളൂ. എന്നിങ്ങനെ പോകുന്നു ഈ വാദം.

മദ്യപാനത്തിനെതിരായ താക്കീതുകളും ഉപദേശങ്ങളും പൗരാണികകാലംമുതലേ ഉണ്ടായിട്ടുണ്ട്. വൈദ്യശാസ്ത്രവും മതങ്ങളും മദ്യത്തിനെതിരായി മനുഷ്യനെ താക്കീതു ചെയ്യുകയും, മദ്യം നിഷിദ്ധമാണെന്ന് വിലക്കുകയും ചെയ്തിട്ടുണ്ട്. മദ്യം കുടിക്കരുതെന്നും കല (മയക്ക മരുന്ന്) ഭക്ഷിക്കരുതെന്നും അഷ്ടാംഗഹൃദയവും, മദ്യപാനം ബ്രഹ്മഹത്യയ്ക്കു തുല്യമായ പാപമാണെന്ന് ഹൈന്ദവമതങ്ങളും അനുശാസിക്കുന്നു. മദ്യപാനി ദൈവരാജ്യം അവകാശപ്പെടുകയില്ലെന്ന് ബൈബിളും മദ്യം ശപിക്കപ്പെട്ട വസ്തുവും ഹറാമുമാണെന്ന് ഖുർ ആനും പ്രഖ്യാപിക്കുന്നു. ലോകൈക വന്ദ്യർായ ആചാര്യന്മാർ കാലാകാലങ്ങളിൽ മദ്യപാനത്തിൻെറ ദൂഷ്യവശങ്ങൾ ചൂണ്ടിക്കാട്ടുകയും, അതിൽ

നിന്നു പിന്തിരിയാൻ ജനങ്ങളെ ആഹ്വാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇരുപതാം നൂററാണ്ടിൽ ഗാന്ധിജിയും, ശ്രീനാരായണഗുരുവും എത്ര ശക്തവും, സുവ്യക്തവും കാലോചിതവുമായ താക്കീതുകളാണ് നൽകിയത്. എന്നാൽ മതങ്ങളുടേയും വൈദ്യശാസ്ത്രത്തിൻേറയും, ഗുരുജനങ്ങളുടേയും ഉപദേശങ്ങളേയും താക്കീതുകളേയും അവഗണിച്ചുകൊണ്ട് മനുഷ്യർ മദ്യപാനം തുടരുന്നത് നാം കാണുന്നു. എന്താണിതിനു കാരണം? മനുഷ്യൻ പ്രകൃത്യാ പല ദൗർബല്യങ്ങളുമുള്ളവനാണ്. വ്യക്തിയുടെ ഈ ദൗർബല്യങ്ങളെയാണ് മദ്യം ചൂഷണം ചെയ്യുന്നതും മുതലെടുക്കുന്നതും. അവയിൽ അള്ളിപ്പിടിച്ചാണ് മദ്യം നിലനിൽക്കുന്നതുതന്നെ.

## വ്യക്തികളെ കുടിക്കാൻ പ്രേരിപ്പിക്കുന്ന മുഖ്യ കാരണം മദ്യത്തിൻേറ ലഭ്യതതന്നെയാണ്

ഒട്ടും ക്ലേശിക്കാതെ, എവിടെയും മദ്യം കിട്ടുന്ന സ്ഥിതിവിശേഷമുണ്ടാകുമ്പോഴ് ദുർബലരായ ആത്മനിയന്ത്രണം കുറഞ്ഞ ആളുകഠം കൂടുതൽ കൂടുതലായി അതിലേയ്ക്ക് ആകൃഷ്ടരാകുകയും മദ്യക്കെടുതിയിൽ അകപ്പെടുകയും ചെയ്യും.

നേരേമറിച്ച് മദ്യം കിട്ടാനില്ലെങ്കിൽ കുടിക്കുന്നവരുടെ എണ്ണം ഗണ്യമായി കുറയും എന്നത് അനുഭവസത്യമാണ്. മൈലുകഠം സഞ്ചരിച്ച് മദ്യത്തിൻേറ അനധികൃത, രഹസ്യവില്പന സങ്കേതങ്ങഠം ബദ്ധപ്പെട്ട് കണ്ടുപിടിച്ച് കുടിക്കുവാൻ വളരെക്കുറച്ച് ആളുകളേ ശ്രമിക്കുകയുള്ളു. തൻമൂലം സമൂഹത്തിൽനിന്നും മദ്യപാനം ഇല്ലായ്മ ചെയ്യണമെങ്കിൽ അതിൻേറ ലഭ്യത ഇല്ലാതാക്കുക — അതായത് മദ്യനിരോധനം ഏർപ്പെടുത്തുക — തന്നെയാണ് ഏററവും എളുപ്പമാർഗ്ഗം എന്നു വന്നുചേരുന്നു. അല്ലാതെ മദ്യപന്മാരെ ഉപദേശിച്ച്, മനഃപരിവർത്തനം വരുത്തി കുടിയിൽനിന്നു പിൻ

മാററാമെന്ന വിചാരം വളരെയൊന്നും പ്രായോഗികമല്ല. കമനീയങ്ങളായ മദ്യഷാപ്പുകൾ ഒരു വ്യക്തിയെ നാലു പുറത്തുനിന്നും മാടിവിളിക്കുമ്പോൾ സ്വതവേ ദുർബലചിത്തനായ അവൻ ആ പ്രേരണയ്ക്ക് വശംവദനായിപ്പോകും. മദ്യരാക്ഷസൻെറ മാരകാലിംഗനത്തിനു വിധേയനാകാൻ നടന്നു നീങ്ങുന്ന നിഷ്കളങ്കനും നിസ്സഹായനുമായ വ്യക്തിയെ ബലം പ്രയോഗിച്ച് ആ അപകടത്തിൽനിന്നും വലിച്ചുമാററുകയാണു വേണ്ടത്. 'മദ്യം നിയമം മൂലം നിരോധിക്കണമെന്നു പറയുന്നത് തെററല്ലേ? കുടിയൻമാരെ ഉപദേശിച്ചു പിൻമാററുകയല്ലേ ശരി' എന്ന് ഗാന്ധിജിയോട് ഒരു വിദേശ പത്രപ്രതിനിധി ചോദിച്ചതിന് ഗാന്ധിജി നൽകിയ മറുപടി വളരെ ശ്രദ്ധേയവും ഇന്നും പ്രസക്തവുമാണ്. വിദേശപത്രപ്രതിനിധിയോട് ഗാന്ധിജി ചോദിച്ചു: നിങ്ങളുടെ കുട്ടി തീയിൽ ചാടാൻ പോകുകയാണെന്നു കരുതുക, നിങ്ങൾ എന്തു ചെയ്യും? അവനെ ഉപദേശിച്ച് പിൻമാററാൻ ശ്രമിക്കുമോ അതോ ഓടിച്ചെന്നു ബലംപ്രയോഗിച്ചു വലിച്ചുമാററുമോ? തീയിൽ ചാടാൻ പോകുന്ന കുട്ടിയെ ബലം പ്രയോഗിച്ചുതന്നെ പിന്തിരിപ്പിക്കുമെന്നു പത്രപ്രതിനിധി സമ്മതിച്ചപ്പോൾ ഗാന്ധിജി തുടർന്നു. ഒരാൾ മദ്യപിക്കാൻ തുടങ്ങുന്നത് തീയിൽ ചാടുന്നതിലും കൂടുതൽ അപകടകരമാണ്. തീയിൽ അകപ്പെട്ടാൽ ഒരുവൻെറ ശരീരത്തിനേ അപകടം സംഭവിക്കൂ, മദ്യപാനം ശരീരത്തെയും, ആത്മാവിനെയും നശിപ്പിക്കും. തൻമൂലം മദ്യപിക്കാൻ തുടങ്ങുന്നവരെ ബലം പ്രയോഗിച്ചുതന്നെ പിൻമാറേറണ്ടിവരും. അതുകൊണ്ടാണ് ജനക്ഷേമത്തിൽ താല്പര്യമുള്ള സർക്കാർ നിയമംമൂലം മദ്യം നിരോധിക്കണമെന്നു പറയുന്നത്. നിസ്വരും നിരക്ഷരരുമായ കോടിക്കണക്കിന് ദരിദ്രജനങ്ങളുടെ ക്ഷേമം കാംക്ഷിക്കുന്ന ആർക്കും ഗാന്ധിജിയുടെ ഈ അഭിപ്രായത്തെ എതിർക്കാൻ കഴിയുകയില്ല. കാരണം മദ്യപാനം മൂലം നശിക്കുന്നതിൽ അധികവും ദരിദ്രജനവിഭാഗങ്ങളാണ്. അവരുടെ രക്ഷയ്ക്കുവേണ്ടി മാത്രം മദ്യം നിയമം

മൂലം നിരോധിക്കേണ്ടതാണ്. അല്ലാതെ ഉപദേശവും വർജ്ജനവുംകൊണ്ട് ഫലം ഉണ്ടാവുകയില്ലെന്ന് ഇത: പര്യന്തമുള്ള അനുഭവങ്ങൾ തെളിയിക്കുന്നു.

## അഞ്ച്. മദ്യം ഉന്മേഷവും ആനന്ദവും നൽകുമോ?

പകലന്തിയോളം പണിയെടുത്തുകഴിയുമ്പോഴുണ്ടാകുന്നക്ഷീണം മാററാനും മാനസികോല്ലാസം ലഭിക്കാനും മദ്യപാനം സഹായകമാണെന്നും അതുകൊണ്ട് മദ്യം നിരോധിക്കുന്നത് തെററാണ് എന്നമാണ് അഞ്ചാമത്തെ വാദം. നമ്മുടെ തൊഴിലാളി സഹോദരന്മാരെ ഒട്ടേറെ ആകർഷിച്ചിട്ടുള്ള ഒരു വാദമാണിത്. മദ്യം കുടിക്കുമ്പോൾ പെട്ടെന്നൊരു ഉന്മേഷം തോന്നുമെന്നത് ശരിയാണ്. കാരണം മദ്യത്തിൽനിന്നും ലഭിക്കുന്ന ഊർജ്ജം നാവിൻ തുമ്പുമുതൽ നേരിട്ടു രക്തത്തിലേയ്ക്കു കലരുന്നു എന്നതാണ്. എന്നാൽ ഈ ഊർജ്ജം കൃത്രിമ ഊർജ്ജമാണ്. ഇതു പെട്ടെന്ന് ലഭിക്കുന്നതുപോലെ തന്നെ പെട്ടെന്ന് തീരുകയും ചെയ്യും. മാത്രമല്ല, ശരീരത്തിന് ഈ കൃത്രിമോർജ്ജം ദൂരവ്യാപകമായ അപകടങ്ങൾ വരുത്തി വയ്ക്കും. മദ്യപാനത്തിൽനിന്നു ലഭിക്കുന്ന ആനന്ദവും ഇതുപോലെതന്നെ ക്ഷണഭംഗുരവും നാശകാരണവുമാണ്. മദ്യം മനുഷ്യമസ്തിഷ്ക്കത്തിലുള്ള സിരാകേന്ദ്രത്തെയാണ് ആദ്യം ബാധിക്കുന്നത്. സിരാകേന്ദ്രത്തിൽ ലഹരി ബാധിക്കുമ്പോൾ അധമവികാരങ്ങളുടെമേൽ സിരാകേന്ദ്രത്തിനുള്ള നിയന്ത്രണത്തിന് അയവ് സംഭവിക്കുന്നു. ക്രമേണ നിയന്ത്രണം ഇല്ലാതാകുന്നു! തന്മൂലം മദ്യപാനിയുടെ പോക്ക് ബ്രേക്ക് പൊട്ടിയ വണ്ടിയുടേതുപോലെയാകുന്നു. മദ്യപൻ അങ്ങനെ ദുർവൃത്തികളിലും, അപകടങ്ങളിലും നിപതിക്കുന്നു. മദ്യത്തിൽനിന്നു ലഭിക്കുമെന്നു പറയപ്പെടുന്ന ആനന്ദം മാരകമായ ആനന്ദമാകുന്നു. മദ്യത്തിൽ നിന്നുലഭിക്കുന്ന ഊർജ്ജവും ഉൻമേഷവും രോഗം വരുത്തി വെയ്ക്കുന്ന നാശകരമായ ഊർജ്ജവും ഉന്മേഷവുമാകുന്നു.

അതുകൊണ്ട് ആനന്ദത്തിനും ഉന്മേഷത്തിനുമായി മദ്യം കഴിക്കാമെന്നു പറയുന്നത് അപകടകരമാംവിധം അർത്ഥശൂന്യമാണ്. മദ്യം വിഷമാണെന്ന് ശ്രീനാരായണഗുരു പറഞ്ഞത് ഇത്തരുണത്തിൽ പ്രത്യേകം സ്മർത്തവ്യമാണ്. മനുഷ്യനെ മനുഷ്യനാക്കുന്ന മനുഷ്യത്വം എന്ന അനന്യ ഗുണവിശേഷത്തെ നശിപ്പിച്ച് അവനേയും മൃഗമാക്കി മാററുമെന്നുള്ളതുകൊണ്ടാണ് മദ്യം ഉണ്ടാക്കുകയോ, കൊടുക്കുകയോ, കഴിക്കുകയോ ചെയ്യരുതെന്ന് സ്വാമികൾ ഉപദേശിച്ചത്.

സാധാരണ ജനങ്ങൾക്കും, തൊഴിലാളികൾക്കും ആരോഗ്യകരമായ മാനസികോല്ലാസം പകരാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ സർക്കാരിന് ബാദ്ധ്യതയുണ്ട്. ഗ്രാമങ്ങൾതോറും പൊതു കളിസ്ഥലങ്ങളും പാർക്കുകളും, കഴിയുമെങ്കിൽ ചെറിയ സിനിമാശാലകളും നിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചാൽ ഗ്രാമീണർ സ്വാഭാവികമായും അവയിൽ ആകൃഷ്ടരായിക്കൊള്ളും. ശരീരത്തിനും, മനസ്സിനും, ബുദ്ധിക്കും ഉൻമേഷം പകരുന്ന ഇത്തരം വിനോദോപാധികൾ ഉണ്ടാക്കിക്കൊടുത്താൽ സാമാന്യജനങ്ങളുടെ ശ്രദ്ധ അപകടകാരികളായ മദ്യത്തിൽനിന്നും വേർപെടുകയും ചെയ്യും. ജനക്ഷേമം കൈവരുത്തണമെന്ന് ജനകീയസർക്കാരിന് ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ അവർ നിശ്ചയമായും ഈ മാർഗം പരീക്ഷിച്ചു നോക്കേണ്ടതാണ്.

## ആറ്. മദ്യനിരോധനവും വ്യക്തിസ്വാതന്ത്ര്യത്തിന്റെ പ്രശ്നങ്ങളും

ബുദ്ധിജീവികളെന്നും, ജനാധിപത്യ സ്വാതന്ത്ര്യവാദികളെന്നും സ്വയം കരുതുന്ന ഒരുവിഭാഗം, മദ്യനിരോധനത്തിനെതിരായി ഉന്നയിക്കുന്ന ഒരു സുപ്രധാന വാദമാണ് വ്യക്തി സ്വാതന്ത്ര്യവാദം. അതായത് മദ്യപിക്കാനുള്ള സ്വാതന്ത്ര്യം വ്യക്തിക്കനുസ്യൂതമായ ഒന്നാണ്. അതു തടയുന്നതു ശരിയല്ല. കൂടാതെ എന്തു കുടിക്കണം എന്തു കുടിക്കരുത് എന്ന് തീരുമാനിക്കാനുള്ള

സ്വാതന്ത്ര്യവും വ്യക്്തിക്ക് ഉണ്ടായിരിക്കേണ്ടതാണ്. തന്മൂലം മദ്യനിരോധനം വ്യക്്തിസ്വാതന്ത്ര്യത്തിലുള്ള ഇടപെടലും, വ്യക്്തിസ്വാതന്ത്ര്യത്തെ കയ്യേററം ചെയ്യലുമാകകൊണ്ട് അതു പാടില്ല.

ഇവിടെ നാം രണ്ടു പ്രശ്്നങ്ങൾ പഠിക്കേണ്ടതുണ്ട്. ആദ്യത്തേത് മദ്യം കഴിക്കാനുള്ള താല്പര്യം വ്യക്്തികളുടെ അടിസ്്ഥാനവാസനയിൽപ്പെടുന്ന ഒന്നാണോ എന്നാണ്. ദാഹം, വിശപ്പ്, ഇണചേരാനുള്ള ശാരീരിക പ്രേരണ തുടങ്ങിയവയാണ് അടിസ്്ഥാനവാസന എന്നതുകൊണ്ട് അർത്്ഥമാക്കുന്നത്. അങ്ങനെയുള്ള ഒരു വാസനയല്ല മദ്യം കഴിക്കാനുള്ള താല്പര്യം. പാരമ്പര്യമായോ. പൈതൃകമായോ ലഭിക്കുന്ന ഒരു സ്വാഭാവവിശേഷമല്ല മദ്യാസക്്തി. അങ്ങനെയെങ്കിൽ എല്ലാ കുടിയന്മാരുടേയും മക്കളും കുടിയന്മാരാകണമല്ലോ. അങ്ങനെ കണ്ടുവരുന്നില്ലല്ലോ. മദ്യപാനക്കാര്യത്തിൽ മദ്യാസക്്ത പൂർവ്വ വ്യക്്തിത്വം- Pre-alcoholic Personality - എന്നൊന്നില്ല എന്ന് ആധുനികമന:ശാസ്്ത്രം തെളിയിച്ചുകഴിഞ്ഞിരിക്കുന്നുതാനും. മദ്യാസക്്തി അപകടകരമായ ഒരു ദുർവാസനയാണ്. അത് തടയേണ്ടത് വ്യക്്തിയുടേയും കുടുംബത്തിൻേറയും ആരോഗ്യകരമായ നിലനില്പിനും, വളർച്ചയ്ക്കും അനുപേക്ഷണീയമാണ്. ഇതാണ് ആധുനികശാസ്്ത്രം മദ്യപാനത്തെക്കുറിച്ച് പറയുന്നത്. അതുകൊണ്ട് വ്യക്്തിയുടെ അടിസ്ഥാനവാസനയെ തളർത്തുകയോ തകർക്കുകയോ ചെയ്യുന്ന യാതൊരു പ്രശ്്നവും മദ്യനിരോധനത്തിൽ അന്തർഭവിച്ചിട്ടില്ലെന്നും മറിച്ച് വ്യക്്തിത്വത്തിൻെറ സമഗ്രവികസനത്തിന് അതു അനുപേഷണീയമാണെന്നും വ്യക്്തമാകുന്നു.

മദ്യനിരോധനം വ്യക്്തിസ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുകയോ, കയ്യേററം ചെയ്യുകയോ ചെയ്യുന്നുണ്ടോ എന്നതാണ് രണ്ടാമത്തെ പ്രശ്്നം. ഇവിടെ വ്യക്്തിസ്വാതന്ത്ര്യമെന്നാൽ എന്താണെന്നുകൂടി അല്പമൊന്നു പര്യാ

ലോചിക്കേണ്ടതുണ്ട്. ഒരു വ്യക്തിക്ക് അനുനിമിഷമുണ്ടാകുന്ന തോന്നലുകളനുസരിച്ച് എന്തും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമല്ല വ്യക്തിസ്വാതന്ത്ര്യം. യാതൊരു സാമൂഹ്യവ്യവസ്ഥിതിയും ഇവ്വിധം പരമമായ സ്വാതന്ത്ര്യം വിഭാവനം ചെയ്യുന്നില്ല. സാങ്കല്പിക സോഷ്യലിസ സൃഷ്ടമായ ഉട്ടോപ്യയിലൊ, ശാസ്ത്രീയ സോഷ്യലിസസൃഷ്ടമായ ഭരണകൂടമുക്തമായ കമ്മ്യൂണിസ്ററുസമൂഹത്തിലോ ഒന്നും അപരിമിതമായ സർവ്വതന്ത്രസ്വതന്ത്ര സ്വാതന്ത്ര്യം വ്യക്തിക്ക് കൈവരുമെന്നു പറയുന്നില്ല. വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ആ പഴയ സങ്കല്പം എക്കാലത്തും പ്രസക്തമാണ്. അതായത് എൻെറ സ്വാതന്ത്ര്യം അപരൻെറ മൂക്കിൻതുമ്പിൽ അവസാനിക്കുന്നു എന്ന സങ്കല്പം. അതു കഴിഞ്ഞു കൈനീട്ടാൻ എനിക്ക് സ്വാതന്ത്ര്യമില്ലതന്നെ. മനുഷ്യൻ ഒരു സമൂഹജീവിയാണെന്ന വസ്തുത അംഗീകരിക്കുന്ന ആരും വ്യക്തിസ്വാതന്ത്ര്യത്തിൻെറ ഈ പരിധിയും, പരിമിതിയും—അതൊരു പരിമിതിയാണെങ്കിൽ—അംഗീകരിക്കും. അംഗീകരിച്ചേ മതിയാകൂ. മദ്യം കുടിക്കാൻ സ്വാതന്ത്ര്യം വേണമെന്നു വാദിക്കുന്ന വ്യക്തിസ്വാതന്ത്ര്യവാദികൾ സ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന ഈ സത്യങ്ങൾ കാണാൻ വിസമ്മതിക്കുന്നവരാണ്. സമൂഹത്തിൽ ജീവിക്കുന്ന ഒരാൾക്കും എന്തും കുടിക്കുവാനോ, എന്തും ചെയ്യുവാനോ ഉള്ള സ്വാതന്ത്ര്യം ഉണ്ടാകുക സാദ്ധ്യമല്ല. അങ്ങിനെയെങ്കിൽ തനി വിഷം കുടിക്കാനും, കൊല ചെയ്യാനുമുള്ള സ്വാതന്ത്ര്യം വേണമെന്നും, സ്വാതന്ത്ര്യത്തിൻെറപേരിൽ വാദിക്കാമല്ലോ? സ്വന്തം സ്വാതന്ത്ര്യം മററുള്ളവർക്കുകൂടി പ്രയോജനകരമാംവിധം വിനിയോഗിക്കുന്നതിലാണ് സ്വാതന്ത്ര്യത്തിൻെറ മേന്മയും മഹത്വവും കുടികൊള്ളുന്നത്. ഒരു വ്യക്തി സ്വന്തം സ്വാതന്ത്ര്യമുപയോഗിച്ച് ഒരു പ്രവർത്തി ചെയ്യുമ്പോൾ മററുള്ളവർക്ക് അയാൾ ഒരു മാതൃകയാകുകയാണു ചെയ്യുന്നത്. മററുള്ളവരെ അപ്രകാരം ചെയ്യാൻ ക്ഷണിക്കുകയും, പ്രേരിപ്പിക്കുകയുമാണ്. അതുകൊണ്ട് സ്വന്തം പ്രവർത്തി ബോധപൂർവ്വം അനുകരണീയവും, മാതൃകായോഗ്യ

വുമാക്കി മാററാൻ സ്വാതന്ത്ര്യത്തേയും സമൂഹത്തേയും മാനിക്കുന്നവർ ശ്രദ്ധിക്കേണ്ടതുണ്ട്. മദ്യപാനം മാതൃകാപരമായ ഒരു കർമ്മമാണെന്ന് ബോധമുള്ള ആരും സമ്മതിക്കുകയുമില്ല. മദ്യം സ്വാതന്ത്ര്യത്തെ പരിരക്ഷിക്കുകയല്ല, നശിപ്പിക്കുകയാണ് ചെയ്യുന്നത്. 17–6–1938 ലെ ഹരിജൻ വാരികയിൽ ഗാന്ധിജി എഴുതി: 'വ്യക്തിസ്വാതന്ത്ര്യത്തിൻെറപേരിൽ സംസാരിക്കുന്നവർക്ക് അവരുടെ ഇന്ത്യയെ അറിഞ്ഞുകൂടാ, കുടിക്കാനുള്ള സൗകര്യങ്ങൾ ഗവൺമെൻറിൽനിന്നും ആവശ്യപ്പെടാൻ ഉള്ളടത്തോളം തന്നെ അവകാശം ഒരാൾക്ക് തൻെറ കാമവികാരത്തിൻെറ സംതൃപ്തിക്ക് കുലടകളെ കൊടുക്കണമെന്ന് ആവശ്യപ്പെടുവാനുമുണ്ട്.' ഇത് നടപ്പുള്ള കാര്യമാണെന്ന് ആരും വാദിക്കാനിടയില്ല. മദ്യം കുടിക്കുവാൻ അവകാശമുണ്ടെന്ന് വ്യക്തിസ്വാതന്ത്ര്യത്തിൻെറ മറവിൽനിന്നു വാദിക്കുന്നവർ ഓർത്തിരിക്കേണ്ട ഒരു കാര്യംകൂടി ചൂണ്ടിക്കാട്ടിക്കൊള്ളട്ടെ. വ്യക്തിസ്വാതന്ത്ര്യത്തിൽ വിശ്വസിക്കുന്ന ഒരാൾ മററുള്ളവർക്കും ആ സ്വാതന്ത്ര്യം വേണമെന്നു സമ്മതിക്കുമല്ലോ. അപ്പോൾ സമൂഹത്തിൽ എല്ലാ രംഗങ്ങളിലും സമത്വം ഉണ്ടായേ പററൂ. കാരണം സാമ്പത്തിക സമത്വവും, അവസര സമത്വവും എല്ലാം ഉള്ള ഒരു സ്ഥിതി സമത്വസമൂഹത്തിൽ മാത്രമേ ശരിയായ സ്വാതന്ത്ര്യം ഉണ്ടാകുകയും നിലനിൽക്കുകയും ചെയ്യുകയുള്ളു. അപ്രകാരമുള്ള സ്ഥിതിസമത്വസമൂഹത്തിൻെറ സൃഷ്ടിയെ മദ്യം സഹായിക്കുമോ? കുത്തകയെ പ്രോത്സാഹിപ്പിക്കുന്നതും കള്ളപ്പണം പെരുകാൻ കാരണമാകുന്നതും തൊഴിലാളികളുടേയും സാധാരണ ജനവിഭാഗങ്ങളുടേയും സാമ്പത്തികശേഷിയെ കൊള്ളയടിച്ച് തകർക്കുന്നതും, അർദ്ധപ്പട്ടിണിക്കാരെ മുഴുപ്പട്ടിണിക്കാരാക്കി മാററുന്നതും, സ്ത്രീകളേയും കുട്ടികളേയും നിരാശ്രയരും നിരാലംബരുമാക്കുന്നതുമായ മദ്യത്തിൻെറ വിപണനംകൊണ്ട് സമൂഹത്തിൽ എങ്ങിനെയാണ് സ്ഥിതിസമത്വമുണ്ടാകുന്നത്? അസമത്വവും, അനാരോഗ്യവും പട്ടിണിയും പെരുകുവാൻ മാത്രമുതകുന്ന മദ്യം സ്വതന്ത്ര്യത്തിൻെറ ഒന്നാം നമ്പർ ശത്രുവാകുന്നു. സോഷ്യലിസത്തെയല്ല

കുത്തകയെയാണ് അത് പ്രോൽസാഹിപ്പിക്കുന്നത്. സ്വാതന്ത്ര്യത്തെയല്ല അടിമത്വത്തെയാണ് അത് ക്ഷണിച്ചു വരുത്തുന്നത്. തന്മൂലം വ്യക്തികൾക്ക് യഥാർത്ഥ സ്വാതന്ത്ര്യം അനുഭവവേദ്യമാകണമെങ്കിൽ മദ്യം നിരോധിക്കുകയാണ് വേണ്ടതെന്ന് സിദ്ധിക്കുന്നു.

മദ്യനിരോധനത്തിനെതിരായി ഉന്നയിക്കപ്പെടുന്ന മേൽ സൂചിപ്പിച്ച വാദങ്ങളൊന്നും അടിസ്ഥാനപരമായി ന്യായയുക്തമോ, സത്യസന്ധമോ അല്ലെന്ന് സൂക്ഷ്മ പരിശോധനയിൽ ബോദ്ധ്യപ്പെടുമല്ലോ. രാജ്യസ്നേഹമോ സാമൂഹ്യബോധമോ ജനക്ഷേമ താല്പര്യമോ തൊഴിലാളികളോടും അവശജനവിഭാഗങ്ങളോടുമുള്ള അനുകമ്പയോ സ്വാതന്ത്ര്യവാഞ്ഛയോ ഒന്നും ഈ വാദങ്ങളുന്നയിക്കുന്നവരെ തൊട്ടുതീണ്ടിയിട്ടില്ലെന്നതാണ് സത്യം. പണക്കുന്നന്മാരായ മദ്യമുതലാളിമാരോടുള്ള കടപ്പാടും, ദാസ്യമനോഭാവവും, സ്ഥാപിത താൽപ്പര്യവുമാണ് ഈ വാദങ്ങൾക്കു പിന്നിലെ പ്രേരക ശക്തി. ഭാരതത്തിൻെറ ഭാവി ശോഭനമാക്കണമെന്നും, നമ്മുടെ ഗ്രാമഗ്രാമാന്തരങ്ങളിൽ വസിക്കുന്ന കോടാനുകോടി ദരിദ്രനാരായണന്മാർക്ക ക്ഷേമവും ഐശ്വര്യവും കൈവരണമെന്നും ആഗ്രഹിക്കുന്ന ഹൃദയാലുക്കളായ ആർക്കും മദ്യത്തെ അനുകൂലിക്കാനോ; സമ്പൂർണ്ണ മദ്യനിരോധനത്തെ എതിർക്കാനോ കഴിയുമെന്ന തോന്നുന്നില്ല.

## കേരള മദ്യനിരോധന സമിതി
## മുദ്രാവാക്യങ്ങൾ

മദ്യനിരോധന വാഗ്ദാനം
നടപ്പിലാക്കൂ സർക്കാരേ!
നടപ്പിലാക്കാൻ മടികാണിച്ചാൽ
മരണംവരെയും സമരംചെയ്യും
പ്രഖ്യാപിച്ചു നമ്മുടെ ലക്ഷ്യം
മദ്യവിരുദ്ധം കടലാസ്സിൽ
കിട്ടിയതെന്തേ നാടുമുഴുക്കെ
മദ്യത്തിൻെറ പെരുംപ്രളയം

# അടങ്ങുകില്ല

അടങ്ങുകില്ലടങ്ങുകില്ലടങ്ങുകില്ല ഞാനിനി
അടങ്ങുകില്ല മദ്യമുള്ളനാരംവരേയ്ക്കു ഞാനിനി
മദ്യമെന്ന മാരണം മുടിഞ്ഞിടുന്ന നാരംവരെ
മദ്യഗന്ധമെൻെറ മണ്ണിൽ മാഞ്ഞിടുന്ന നാരംവരെ
മദ്യമെന്ന നാമവും മറഞ്ഞിടുന്ന നാരംവരെ
മദ്യമെന്നൊരോർമ്മയും നശിച്ചിടുന്ന നാരംവരെ
മദ്യശക്തികീഴ്പ്പെടും പവിത്രമായ നാരംവരെ
മദ്യമുക്തകേരളം രചിച്ചിടുന്ന നാരംവരെ.

മടങ്ങുകില്ലടങ്ങുകില്ലൊതുങ്ങുകില്ല ഞാനിനി
മടങ്ങുകില്ലമദ്യശാപമററിടുന്ന നാരംവരെ
ചപലമദ്യയക്ഷിതൻ കരാളദംഷ്ട്രമൂടിടും
മുഖപടംവലിച്ചെറിഞ്ഞുചിന്തിടുന്നനാരംവരെ
ഹൃദയമററബോധമററ മദ്യപൻെറ മുഷ്ടികരം
ഭരണചക്രമിട്ടെറിഞ്ഞു പറപറക്കും നാരംവരെ
കുടിലമദ്യരാക്ഷസൻെറ വിടുപണിക്കനില്പവർ
കടയടച്ചു കുടിയൊഴിഞ്ഞു കടൽകടക്കും നാരംവരെ

—ജി. കുമാരപിള്ള